# ഏകാകിയായ കൊയ്ത്തുകാരി

**സുധീർ പണിക്കവീട്ടിൽ**

മനസ്സിൽ വിളയുന്ന മോഹങ്ങളുടെ കൊയ്ത്തുകാലമാണു വേനൽ. എണ്ണമറ്റ പ്രതീക്ഷകളോടെയാണു ഒരോ പുലരിയും വന്നെത്തുന്നത്. വേനലവുധിയിൽ ആഘോഷിക്കാൻ എന്തെല്ലാം മോഹങ്ങളാണു്/കാര്യങ്ങളാണു നമ്മൾ മനസ്സിൽ താലോലിക്കുന്നത്. സ്കൂൾ അടയ്ക്കുന്നതിനോടൊപ്പം കുട്ടികൾ സ്വപ്നം കാണുന്ന വിനോദയാത്രകൾ. ആകാശവിതാനത്തിലൂടെ പറക്കുന്ന വിമാനത്തിലിരുന്ന് മേഘങ്ങളെ തൊടാൻ കൊതിക്കുന്ന കുഞ്ഞ് വിരലുകളുടെ കോരിത്തരിപ്പ്. യാന്ത്രികമായിരുന്ന ദിനചര്യകളിൽ നിന്ന് വിശ്രമത്തിൻേറയും ആഘോഷങ്ങളുടേയും ഒരു ഇടവേള. മേഘങ്ങളുടെ ഛായ തളികയിൽ ഹരിശ്രീ കുറിക്കുന്ന ഒച്ചുകൾ. എല്ലാം സൗഖ്യമല്ലേ എന്ന് ''മ്യാ'' വി കൊണ്ട് വാലും നീട്ടി വരുന്ന അയൽ വീട്ടിലെ മാർജ്ജാരൻ. "നിങ്ങൾക്ക് സ്വാഗതം" എന്ന് അറിയിക്കാനാണത്രെ പൂച്ച വാലു് നീട്ടിപിടിക്കുന്നത് . കുസുമവർണ്ണങ്ങൾ ഭൂമിയിൽ നിന്ന് മഴവില്ലിനെ വെല്ല് വിളിക്കുന്ന മത്സരപരീക്ഷ യുടെ നിമിഷങ്ങൾ. ഇവിടെ ഓടി നടക്കുന്ന ഉണ്ണിക്കുട്ടന്മാരെ നോക്കി സ്വർഗ്ഗം ചിരിക്കുമ്പോൾ അവിടെ തൂവ്വി തെറിക്കുന്ന വേണ്മേഘങ്ങൾ. ഭൂമിയിൽ വേനലുണ്ട് അത് കൊണ്ട് ഞങ്ങൾക്ക് സ്വർഗ്ഗം വേണ്ടയെന്ന് വിളിച്ച് പറയുന്ന കവികൾ.

പാവക്കയുടേയും പയറിൻേറയും വിത്തുകൾ തേടുന്ന വീട്ടമ്മമാർ. അവയെല്ലാം മണ്ണിൽ കുഴിച്ചിടാൻ കൈലി മുണ്ട് ചുറ്റിയുടുത്ത് പറമ്പിലേക്കിറങ്ങുന്ന അവരുടെ പ്രിയതമന്മാർ. അവരുടെ ചുണ്ടിൽ നാടൻ പാട്ടിന്റെ ശീലുകൾ... താതിനന്ത, താതിനന്ത.. താതിനന്ത .തെയ്യം താര... കറുകുറുകെ ചെറുകുറകെ..ചെമ്പക ജീരക വിത്തെല്ലാം വരി പാകുന്നേ.. മത്ത പൂത്തതും, കാ പറിച്ചതും കറിക്കരിച്ചതും നെയ്യപ്പം ചുട്ടതും നീ അറിഞ്ഞോടി.... അദ്ധ്വാനത്തെ ആയാസരഹിതമാക്കാൻ പണ്ടുള്ളവർ പാടിയ ഇമ്പമേറിയ വരികൾ. ഉത്സാഹത്തിന്റെ ഉപ്പേരി നുറുക്കുകൾ പൊടിയുന്ന ഉപ്പുരസമുള്ള പാട്ടുകൾ. പേന പിടിച്ച കൈകളെ പരിഹസിക്കുന്ന തൂമ്പ മണ്ണിൽ കവിത എഴുതുകയും "ഒളി കണ്ണാൽ എന്നെ നോക്കൂലെ എന്ന് അയൽക്കാരിയോടു കിന്നാരം പറയുകയും " ചെയ്യുന്നു. വിത്തുകൾ മുളച്ച് ചെടികളാകുമ്പോൾ നാടൻ കർഷകനെപോലെ എല്ലാവരുടേയും മനംകുളിർക്കുന്നു. പറമ്പിൽ മുഴുവൻ ചുറ്റി പടർന്ന് നീണ്ട് കിടക്കുന്ന മത്തങ്ങയുടെ വള്ളികളെ ആശ്ചര്യത്തോടെ നോക്കി നിൽക്കുന്ന അയൽക്കാരിയുടെ പൂച്ചകണ്ണുകളെ നേരിടാൻ ഒരു നോക്ക് കുത്തി നട്ടാലോ എന്നാലോചിച്ച് പുഞ്ചിരിച്ചപ്പോൾ ഒന്നുമറിയാതെ അയൽക്കാരിയും പുഞ്ചിരിച്ചത് മധുരമായ ഒരു കോളേജ് പ്രണയത്തിന്റെ ഓർമ്മ പുതുക്കി. "ഗോരി തേരേ ഗാവ് ബഡ പ്യാര, മെ തോ ഗയ മാര" എന്ന് മൂളാൻ തോന്നുന്ന

അനർഘനിമിഷങ്ങൾ. ഓരൊ നിമിഷവും വർണ്ണാഭമാണ്. അനുഗ്രഹപ്രദമാണ്. പ്രക്രുതിയെ തൊട്ടുരുമ്മി നിൽക്കുമ്പോൾ അവളുടെ മുഖത്ത് പ്രസാദമധുരമായ പുഞ്ചിരി വിരിയുന്നു. കയ്പ്പക്കയുടെ ഇലകൾ പടർത്തുന്ന ഗന്ധം, മത്തയും കുമ്പളവും പൂവ്വിട്ട് നിൽക്കുന്നത്, തക്കാളിപഴങ്ങളുടെ അരുണിമ, പച്ചപുല്ലിൽ ചാടി ചാടി നടക്കുന്ന പച്ച കുതിര. അമേരിക്കയിലെ ഇംഗ്ലീഷ് മണ്ണിൽ മലയാള ഭാഷയുടെ മാദക ഭംഗി. കായ്കനികൾ പേറി നിൽക്കുന്ന ചെടികളെ കൗതുകത്തോടെ നോക്കുന്ന കുട്ടികളുടെ കുഞ്ഞികണ്ണുകൾ. നമ്മൾ കടയിൽ നിന്നും വാങ്ങിക്കുന്ന പച്ചക്കറികൾ ഇങ്ങനെ വിളയുന്നു എന്നറിയുന്ന അവരുടെ വിസ്മയം. വർഷങ്ങൾക്ക് മുമ്പ് കേരളത്തിലേ പാലക്കാട്ടേക്ക് പോകുകയായിരുന്ന ഒരു ഐ.എ.എസ്സ് ഓഫീസറുടെ കുടുംബത്തിലെ കൊച്ച് മകൻ നെൽചെടി കണ്ട് "അരിശ് ചെടിയാ" എന്ന് ചോദിച്ച ചോദ്യവുമായി ഇന്നും അവനു പിൻഗാമികൾ.

വേനൽ പകലുകൾ എല്ലാവർക്കും ഊർജ്ജം പകരുന്നു. ഇലകൾക്കെല്ലാം നല്ല പച്ച നിറം വരുമുമ്പേ, നട്ട് വളർത്തുന്ന നാടൻ ചെടികളും പച്ചക്കറികളും പൂവ്വിടും മുമ്പേ വെയിൽ വിരിക്കുന്ന കസവുമുണ്ടു് തോളിലിട്ട് തൊടികളിൽ നടന്ന് ഒന്നിളവേൽക്കാൻ എന്തു സുഖമാണു്. മദ്ധ്യവയസ്സിൻെറ അതിരുകൾ ലംഘിച്ച അമേരിക്കൻ മലയാളികൾക്ക് വേനൽ സുഖംപകരുന്ന കാലമാണു്. ഗ്രീഷ്മജ്വാലയിൽ വെന്ത് പാകം വന്ന വെയിൽ, ചൂട് പിടിപ്പിച്ച് എടുക്കുന്ന ആയുർവേദ കിഴികൾ പോലെ പ്രക്രുതി അവർക്ക് സൗജന്യ ചികിത്സ ഒരുക്കുന്നു. ജീവിതത്തിൻെറ അന്തിത്തിരിവിളക്കിൽ തെളിയുന്ന പ്രകാശത്തിൽ നിൽക്കുന്നവർ ഭാഗ്യവാന്മാരാണു്. മഹാകവി പി പറഞ്ഞപോലെ പകൽ ഒടുങ്ങി സന്ധ്യ വരുമ്പോൾ ഭൂമിക്ക് സൗന്ദര്യം കൂടുന്നു. അദ്ദേഹത്തിൻെറ വരികൾ: അന്തികൾ ചോദിച്ചി,തെങ്ങുന്നു വന്നതീയത്ഭുത സൗന്ദര്യം. മന്നിനു നൽകുവാൻ സന്ധ്യകളപ്പെരും, പൊന്നിൻ കിഴിയഴിക്കുമ്പോൾ. അന്തിവാനം അതിൻെറ വലിയ സഞ്ചിയിൽ നിന്നും വലിച്ചേറിയുന്ന പൊൻനാണയങ്ങൾ കൊണ്ട് ഭൂമിക്ക് അഴക് ഏറുന്നു. അതെ പോലെ സമയരഥ ചക്രമുരുണ്ട് പലരും അവരുടെ ബാല്യ-കൗമാര=യൗവ്വന കാലങ്ങൾ താണ്ടി വാർദ്ധക്യത്തിലേക്ക് പ്രവേശിക്കുമ്പോൾ ജീവിതം മനോഹരമാകുന്നു. മനോഹരമാക്കേണ്ടതാണു്. പ്രക്രുതിയെ സ്നേഹിച്ച് നോക്കുക. അവൾ നിത്യകാമുകി, സ്നേഹിക്കുന്ന മനസ്സുകൾക്ക് ഓരോ പുലരിയിലും പ്രണയോപഹാരങ്ങളുമായി സുസ്മിതം തൂകി നിൽക്കുന്ന സ്വർണ്ണമയി. സ്നേഹിച്ച മനസ്സുകളെ ഒരിക്കലും വഞ്ചിക്കാത്തവൾ പ്രക്രുതി എന്ന് വേഡ്സ് വർത്തും അവളെ പുകഴ്ത്തുന്നു.

വേനൽ ചൂട് തളർത്തുമ്പോൾ പച്ചമരത്തണലിൽ ഇരുന്ന് ചുറ്റും കണ്ണോടിക്കുക. ഹ്രുദയാവർജ്ജകമായ രംഗങ്ങൾ നിങ്ങളെ ആനന്ദിപ്പിക്കുന്നു. അങ്ങ് ദൂരെ ഏകാകിയായ ഒരു കൊയ്ത്തുകാരിയെ കാണുന്നില്ലേ? അവൾ വിഷാദ്മധുരമായ ഒരു ഗാനം പാടുന്നുണ്ട്. അവളുടെ മനോഹരമായ പാട്ടിൽ താഴ്വര കവിഞ്ഞൊഴുകുന്നു. അവൾ പാടുന്നത് എന്താണെന്നറിയാതിരുന്നിട്ടും കവിയെ അത് ആകർഷിച്ചു. മലകളും താഴ വരക ളും പുഴകളുമൊക്കെയുള്ള നാട്ടിൽ നിന്ന് വന്നവർക്ക് ഇവിടത്തെ ഓരോ ദ്രുശ്യങ്ങളും ഗ്രഹതുരത്വമുണർത്തുന്നു. അത്കൊണ്ട് തന്നെ പ്രക്രുതിയുടെ അഴക് കണ്ട് ഇത്തിരി നേരമെങ്കിലും വിസ്മ്രുതരായിരിക്കാൻ ഉൽക്കടമായ ഒരു അഭിനിവേശം അവരിൽ ഉണരുന്നു. ആംഗല കവി വേഡ്സ് വർത്ത് "റ്റിൻറൻ എബെ" എന്ന കവിതയിൽ പ്രക്രുതിയെ പാടിപ്പുകഴ്ത്തുന്നുണ്ട്. യൗവന നാളുകളിൽ പ്രക്രുതി പകർന്ന ആവേശം അല്ലെങ്കിൽ കൗതുകം കാലം കവർന്നെങ്കിലും മുതിർന്ന പ്രായത്തിൽ അദ്ദേഹത്തിനു

പ്രക്രുതിയിൽ നിന്നും മനുഷ്യകുലത്തിൻെറ വിഷാദാത്മകമായ സംഗീതം കേൾക്കാൻ കഴിഞ്ഞുവെന്നു. ചെറുപ്പത്തിലെ പ്രക്രുതിയുമായി നടത്തിയ ഹ്രുദയസംവാദം പ്രായമാകുമ്പോഴും മനസ്സിൽ നടക്കുന്നു. ആ സമയത്ത് പ്രക്രുതിയെ നോക്കി കാണാനും മനുഷ്യ ജീവിതവുമായി പ്രക്രുതിക്കുള്ള ബന്ധത്തെ മനസ്സിലാക്കാനും കഴിയുന്നു. അതെപോലെ കേരളത്തിൻെറ പ്രക്രുതി മനോഹാരിത അനുഭവിച്ചവർ ആസ്വദിച്ചവർ ഇവിടേയും അത്തരം ദ്രുശ്യങ്ങൾക്ക് മുന്നിൽ മിഴി നട്ട് നിന്നു പോകും. എന്തോ നഷ്ടപ്പെട്ട ഒരു വിഷാദം മനസ്സിൽ കിനിയുമെങ്കിലും ഇപ്പോഴുള്ള അവസ്ഥയോട് പൊരുത്തപ്പെടാൻ കഴിയുന്നു. എല്ലാ മനുഷ്യ മനസ്സുകൾക്കും പ്രക്രുതി സാന്ത്വനമേകുന്നു. മഴയെ ശപിക്കയും ചൂടിനെ ശപിക്കയും ചെയ്യുന്നവർ അതിനിടയിൽ അനുഭവിക്കുന്ന സുഖശീതളാനുഭവങ്ങളെ കുറിച്ച് ഓർക്കുന്നില്ല.

കിളികൾ പ്രത്യേകിച്ച് മഞ്ഞ് കാലത്തിൽ നിന്ന് രക്ഷപ്പെട്ട് തിരിച്ചെത്തിയവർ വസന്തകാലം കഴിഞ്ഞെത്തുന്ന വേനലിലും അമേരിക്കയിൽ  പാട്ട് കച്ചേരികൾ നടത്താറുണ്ട്. നമ്മൾ അവരുടെ പാട്ട് ശ്രദ്ധിക്കുന്നുവെന്നറിയുമ്പോൾ അവരുടെ ശ്രുതി-ലയ;-താളങ്ങൾക്ക് വശ്യതയേറുന്നു. നാട്ടിൽ കുയിലിൻെറ പാട്ടിനു മറുപാട്ട് പാടി അതിനെ ചൊടിപ്പിക്കുന്ന ബാല്യകാല സ്മരണകൾ ഇവിടേയും ഉണരുന്നു. ഇംഗ്ലീഷ് കവി ജോൺ കീറ്റ്സ് അടുക്കളയിലെ തീന്മേശക്ക് ചുറ്റുമിട്ടിരുന്ന ഒരു കസേര വലിച്ച് കൊണ്ടുപോയി പറമ്പിലെ ഒരു മരത്തിൻെറ ചുവട്ടിൽ ഇരുന്ന് ഒരു വാനമ്പാടിയുടെ പാട്ട് കേട്ടിരിക്കയും ആ പക്ഷിക്കായി ഒരു ഗീതം രചിക്കയും ചെയ്യുവത്രെ. ഗ്രീഷ്മത്തിൻെറ സംഗീതം പാടി വരുന്ന വാനമ്പാടിയെ കവിക്ക് ഇഷ്ടമായി. ഒരിറക്ക് വീഞ്ഞ് കുടിച്ച് അതിൻെറ ലഹരിയിൽ ആരും കാണാതെ ഈ ലോകത്തിൽ നിന്നും അപ്രത്യക്ഷനായി അവ്യക്തമായ വനാന്തരങ്ങളിൽ ആ കിളിയോടൊത്ത് ചേരാൻ അദ്ദേഹം ആഗ്രഹിച്ചു,ജീവിത വ്യഥകളിൽ നിന്നു, മുഷിപ്പിൽ നിന്നൊക്കെ മോചനം നേടാൻ. പിന്നെ കവിക്ക് തോന്നി കവിതയുടെ അദ്രുശ്യമായ ചിറകുകളിലേറി കിളിയെ പിൻ തുടരാമെന്ന്. വേനൽ കാലം മനുഷ്യർക്കായി എന്തൊക്കെ ഒരുക്കുന്നു.  നമ്മൾക്കറിയാത്ത ഭാഷയിൽ പാടുന്ന കിളികൾക്കും വാക്ക് എന്ന അനുഗ്രഹമുണ്ടായിരിക്കും. ശ്രീ വി. മധുസൂദനൻ നായർ എഴുതി " ഏകാന്തതയിലെ ചങ്ങാതിയും ഭൂമിയുടെ ഉപ്പുമാണു് വാക്ക് എന്ന്". വാക്കെൻെറ പ്രേയസിയാകുന്നു പ്രാണനിൽ വാദനം ചെയ്യുമുന്മാദിനിയാകുന്നു. ഞങ്ങള ന്യോന്യം നിറഞ്ഞുനിന്നെരിയുന്നു, മെല്ലെ പ്രകാശങ്ങളൊക്കെ ഞാനാവുന്നു. ഇംഗ്ലീഷ് കവി കീറ്റ്സും എഴുതി " ഞാൻ വാക്കുകളെ ഒരു കാമുകനെപോലെ സ്നേഹിക്കുന്നുവെന്ന്".

കാലങ്ങൾ മാറി വരാൻ വേണ്ടി ഭൂമിയുടെ അച്ചുതണ്ട് ചരിച്ച് വച്ചിരിക്കുന്നു. എന്നും ഒരേ കാലാവ സ്ഥയായിരിക്കുക  എത്രയോ വിരസം. മനുഷ്യ ജീവിതത്തിലും അങ്ങനെ നാലു കാലങ്ങൾ, ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം.

(വേനൽ കുറിപ്പുകൾ തുടരും)